(3) വൈകി കിട്ടിയ ഉത്തരങ്ങൾ

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വൺടൈം സെറ്റിൽമെന്റ് സ്കീം

65 [3310] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ 1-നുശേഷം എറണാകുളം ജില്ലയിൽ കെ.എഫ്.സി.-യിൽ നിന്നും എടുത്ത എത്ര വായ്പകൾ ഒ.റ്റി.എസ്. സ്കീമിലൂടെ കുടിശ്ശിക അടച്ച് അവസാനിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ആനുകൂല്യം ലഭിച്ച വ്യക്തികൾ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഓരോ വായ്പയ്ക്കും അനുവദിച്ച ഇളവ് എത്ര തുക വീതമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 2001 ഏപ്രിൽ 1-ന് ശേഷം എറണാകുളം ജില്ലയിൽ ഒ.റ്റി. എസ്. സ്കീമിലൂടെ അറുപത്തിഒന്ന് (61) വായ്പകൾ അടച്ച് തീർത്തിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരം ഇതോടൊപ്പം ചേർക്കുന്നു. †

വിവരം ശേഖരിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഗോഡൗണുകൾ നിർത്തലാക്കുന്ന നടപടി

66 [3326] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 35 ഗോഡൗണുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ആലപ്പുഴയിൽ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗോഡൗണുകൾ പൂട്ടിയിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ സ്വകാര്യ വ്യക്തികളിൽനിന്ന് വാടകയ്ക്ക് എടുത്തിരിക്കുന്ന ഗോഡൗണുകൾക്ക് ചതുരശ്ര അടിയ്ക്ക് പ്രതിമാസം നൽകിവരുന്ന വാടക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകൾക്ക് ചതുരശ്ര അടിയ്ക്ക് പ്രതിമാസം നൽകേണ്ട വാടക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(ജി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വന്തമായി ഗോഡൗണുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി, ഡി) ഇല്ല. എന്നാൽ കാലപ്പഴക്കംകൊണ്ട് കേടുപാടുകൾ സംഭവിച്ച വഴിച്ചേരി ഗോഡൗൺ ഉപയോഗിക്കാൻപറ്റാതെ കിടക്കുന്നുണ്ട്.

(ഇ) മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

മേഖല	വാടക (ഒരു ചതുരശ്ര അടിയ്ക്ക്)
തിരുവനന്തപുരം	2 രൂപ
കോട്ടയം	2.56 രൂപ
എറണാകുളം	2.41 രൂപ
പാലക്കാട്	2.42 രൂപ
കോഴിക്കോട്	3.05 രൂപ

(എഫ്) ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

		ജനറൽ	സർക്കാർ സ്ഥാപനങ്ങൾക്ക്
1.	തറ വാടക (ചതുരശ്ര അടിയ്ക്ക്)	4.47 രൂപ	3.58 രൂപ
2.	അനുബന്ധചെലവുകൾ	2.85 രൂപ	2.85 രൂപ
	ആകെ	7.32 രൂപ	6.43 രൂപ

(ജി, എച്ച്) സ്വന്തമായി ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗോഡൗണുകൾ നിർമ്മിച്ചിട്ടുണ്ട്. മാനന്തവാടി, മൂന്നാർ, കുട്ടിക്കാനം, തലശ്ശേരി, കൊട്ടാരക്കര, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിൽ ഇങ്ങനെ ഗോഡൗണുകൾ പണിതിട്ടുണ്ട്.

പഴക്കംചെന്ന അരിയുടെ വിതരണം തടയാൻ നടപടി

67 [3329] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(ബി) അരി തരംതിരിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly